# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2565** **17.06.2019-ൽ മറുപടിയ്ക്ക്**

**തൊഴിലും ജീവനോപാധിയും നഷ്ടപ്പെട്ടവർ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.സി.ദിവാകരൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉണ്ടായ പ്രളയത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലും ജീവനോപാധിയും നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് ഉണ്ടായ പ്രളയത്തിൽ 2859 പട്ടികജാതി കുടുംബങ്ങൾക്ക് ജീവനോപാധികൾ നഷ്ടപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ വ്യാപകമായ കൃഷി നാശമോ, തൊഴിൽ നഷ്ടങ്ങളോ ഉണ്ടായിട്ടില്ല. എന്നിരുന്നാലും എറണാകുളം ജില്ലയിൽ 43 പേർക്കും, വയനാട് ജില്ലയിലെ മാനന്തവാടിയിൽ 19 പേർക്കും ഉൾപ്പെടെ 62 പേർക്ക് ജീവനോപാധികൾ നഷ്ടപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇങ്ങനെ തൊഴിലും ജീവനോപാധിയും നഷ്ടപ്പെട്ടവർക്ക് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖാന്തരം എന്തെല്ലാം സഹായമാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) | പ്രളയക്കെടുതിയിൽപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് നൽകിയ സഹായത്തിനു പുറമെ അടിയന്തിര ധനസഹായമായി 5000/-രൂപ വീതം അനുവദിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ 43 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവരുടെ ജീവനോപാധികളായിരുന്ന മരംവെട്ട് യന്ത്രം, ചെണ്ട, തയ്യൽ മെഷീനുകൾ, കളിമൺ നിർമ്മാണ യൂണിറ്റ്, തട്ടുകട, ഓട്ടോറിക്ഷ, വള്ളം പണിയുന്ന ഉപകരണങ്ങൾ സ്വയം തൊഴിലിനുള്ള പണിയായുധങ്ങൾ എന്നിവ നഷ്ടപ്പെട്ടിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നഷ്ടത്തിന്റെ തോതനുസരിച്ചുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടിയിൽ ജീവനോപാധി നഷ്ടപ്പെട്ട 19 പേർക്ക് ആട്ടു വളർത്തൽ, പോത്തുകുട്ടി വളർത്തൽ, പശുകുട്ടി വളർത്തൽ എന്നിവയ്ക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജീവനോപാധികൾ ഏർപ്പെടുത്തുന്നതിനു പുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് ആശ്വാസ ധനസഹായമായി 10,000/-രൂപ വീതവും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**